# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ്, തൃശ്ശൂർ

നമ്പർ : പി.എൽ/1/09/ടി.എസ്.ആർ.

സ്ഥലം : തൃശ്ശൂർ
തീയതി : 01/01/2009

## <u>വിജ്ഞാപനം</u>

13/10/2006 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം തൃശ്ശൂർ ജില്ലയിൽ ലാൻഡ് റവന്യൂ വകുപ്പിൽ വില്ലേജ്മാൻ സ്പെഷ്യൽ റിക്രൂട്ട്മെൻറ് (പട്ടിക വർഗ്ഗം മാത്രം) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി (നേരിട്ടുള്ള നിയമനം) 03/05/2008 തീയ്യതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്താൻ പരിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർക്കുന്നു. പരീക്ഷാ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് ഈ നമ്പറുകൾ പ്രസിദ്ധീകരിക്കുന്നത്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്. പരീക്ഷയിൽ 35 (മുപ്പത്തിയഞ്ച്) മാർക്കും അതിൽ കൂടുതലും നേടിയ ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രേഖകൾ പരിശോധിക്കുന്നതിനും സൈക്ലിംഗ് ടെസ്റ്റിനുമുള്ള തീയ്യതി, സമയം, സ്ഥലം എന്നിവ ഈ വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുണ്ട്.

രജിസ്റ്റർ നമ്പറുകൾക്കു മുൻപ് 'ആർ' (R) ചേർത്ത് വായിക്കേണ്ടതാണ്.

## <u>മുഖ്യപട്ടിക</u>

| | | | | | |
|---|---|---|---|---|---|
| 100027 | 100030 | 100037 | 100053 | 100062 | 100075 |
| 100096 | 100121 | 100122 | 100137 | 100145 | 100149 |
| 100178 | 100182 | 100189 | 100198 | 100202 | 100205 |
| 100222 | 100231 | 100233 | 100235 | 100244 | 100292 |
| 100295 | 100301 | 100303 | 100306 | | |

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ വിദ്യാഭ്യാസ യോഗ്യത, ജനനത്തീയ്യതി, ജാതി എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും പി.എസ്.സി യുടെ തൃശ്ശൂർ ജില്ലാ ആഫീസിൽ താഴെപ്പറയുന്ന സമയത്തും തീയ്യതിയിലും നേരിട്ട് ഹാജരാക്കേണ്ടതാണ്.

. . . . . 2 . .

ലാൻഡ് റവന്യൂ വകുപ്പിൽ
വില്ലേജ്മാൻ സ്പെഷ്യൽ റിക്രൂട്ട്മെൻറ്
(പട്ടിക വർഗ്ഗം മാത്രം)

## സർട്ടിഫിക്കറ്റ് പരിശോധനയുടെ സമയവിവരപട്ടിക

**സ്ഥലം : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, എം.ജി.റോഡ്, തൃശ്ശൂർ.**

| രജിസ്റ്റർ നമ്പർ | തീയതി | സമയം |
|---|---|---|
| All | 14/01/2009 | 09.00 A M |

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽരേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടുമവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിനു സമയവിവരപട്ടികയിൽ കാണിച്ചിട്ടുള്ള ദിവസവും സമയവും കൃത്യമായി മനസ്സിലാക്കി ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കും സൈക്ലിംഗ് ടെസ്റ്റിനും അന്നേ ദിവസം കൃത്യസമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ആയതിലേക്ക് ഉദ്യോഗാർത്ഥികൾക്കു വ്യക്തിഗത കത്തുകൾ അയയ്ക്കുന്നതല്ല. സൈക്കിൾ ഉദ്യോഗാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ

1. ജനനതീയ്യതി : എസ്.എസ്.എൽ.സി യുടെ ബന്ധപ്പെട്ട പേജ്/ തത്തുല്യ സർട്ടിഫിക്കറ്റ് അസ്സലും, ശരിപ്പകർപ്പും
2. വിദ്യാഭ്യാസ യോഗ്യത : VII -ാം തരം പാസ്സായത് തെളിയിക്കുന്നതിനുള്ള സ്ക്കൂൾ അഡ്മിഷൻ രജിസ്റ്ററിൻെറ അസ്സലും. പകർപ്പും, എസ്.എസ്.എൽ.സി/ തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റ്, ഉയർന്ന യോഗ്യതയുള്ള പക്ഷം ആയതിൻെറ സർട്ടിഫിക്കറ്റും. ശരിപ്പകർപ്പും
3. ജാതി, സമുദായം : ജാതി, സമുദായം തെളിയിക്കുന്നതിന് തഹസിൽദാരിൽ നിന്നും വാങ്ങിയ കമ്യൂണിറ്റി സർട്ടിഫിക്കറ്റിൻെറ അസ്സലും, രണ്ട് ശരിപ്പകർപ്പുകളും (പുതിയത്)
4. വികലാംഗർ : അംഗവൈകല്യം സംബന്ധിച്ച് മെഡിക്കൽ ബോർഡ് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റും. ശരിപകർപ്പും
5. വിമുക്തഭടന്മാർ : ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, പെൻഷൻ പെയ്മെൻറ് ഓർഡർ എന്നിവയുടെ അസ്സലും ശരിപ്പകർപ്പുകളും
6. കായികതാരങ്ങൾ : കേരള സംസ്ഥാന സ്പോർറ്റ്സ് കൗൺസിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും, പകർപ്പുകളും

. . . 3 . .

ലാൻഡ് റവന്യൂ വകുപ്പിൽ
വില്ലേജ്മാൻ സ്പെഷ്യൽ റിക്രൂട്ട്മെൻറ്
(പട്ടിക വർഗ്ഗം മാത്രം)

7. സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ : ബന്ധപ്പെട്ട വകുപ്പു മേധാവിയിൽ നിന്നോ ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച നൊ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, സർവ്വീസ് സർട്ടിഫിക്കറ്റ് അസ്സൽ.

8. പേര്, ജനനത്തീയ്യതി, ഒപ്പ് എന്നിവയിൽ വ്യത്യാസം : പേര്, ജനനത്തീയ്യതി, ഒപ്പ് എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനുള്ള ഗസറ്റ് വിജ്ഞാപനവും, അവയുടെ ശരിപ്പകർപ്പുകളും.

9. മറ്റേതെങ്കിലും അർഹത : മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ശരിപ്പകർപ്പുകളും

10. തൃശ്ശൂർ ജില്ലക്കാരായ ഉദ്യോഗാർത്ഥികൾക്ക് അർഹമായ വെയിറ്റേജ് മാർക്ക് ലഭിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (GO(Rt)No.1553/08/RD dated 06/05/2008 പ്രകാരം നൽകിയത്)

(കമ്മീഷൻെറ ആജ്ഞാനുസരണം)

എ. ആർ സുധീർബാബു
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

വിതരണാനുമതിയോടെ

സെക്ഷൻ ആഫീസർ

എൻ.എം.ആർ/ടി5/020109/